## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *230

09/03/2017-ൽ മറുപടിയ്ക്ക്.

## പാലുൽപാദനത്തിലെ സ്വയംപര്യാപ്തത

**ചോദ്യം**

ശ്രീമതി. വീണാ ജോർജ്ജ്
ശ്രീ. ജെയിംസ് മാത്യു
ശ്രീ. കെ.ബാബു
ശ്രീ. മുരളി പെരുനെല്ലി

(എ) പാലുൽപാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കാനുള്ള പരിപാടിയുടെ വിശദാംശം നൽകുമോ; നിലവിൽ ആവശ്യകതയും ഉല്പാദനവും തമ്മിലുള്ള അന്തരം എത്രയാണ് ;

**ഉത്തരം**

ശ്രീ.കെ രാജു
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി,മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, അവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീര കർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവയും നൽകി വരുന്നു. സംസ്ഥാനത്ത് പ്രതിദിനം ഏകദേശം 87 ലക്ഷം ലിറ്റർ പാൽ ആവശ്യമാണ്. ഇതിൽ ഏകദേശം 78 ലക്ഷം ലിറ്റർ പാൽ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നതായി കണക്കാക്കുന്നു.

പാൽ ഉൽപാദത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമാക്കുന്നതിനു വേണ്ടി മിൽമയുടെ മേഖല യൂണിയനുകൾ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) കാലിത്തീറ്റയുടെ കാര്യത്തിൽ നിലവിലുള്ള പ്രശ്നങ്ങളും തീറ്റപ്പുല്ലിന്റെ ലഭ്യതയിലുള്ള കുറവും പരിഹരിക്കാൻ എന്തു മാർഗ്ഗമാണ് ആലോചിക്കുന്നത് ;

(ബി) സംസ്ഥാനത്ത് ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യത ഉറപ്പാക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള കേരളാ ഫീഡ്സ് എന്ന സ്ഥാപനവും, മിൽമയും കൂടാതെ സ്വകാര്യ മേഖലയിലും കാലിത്തീറ്റ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. കാലിത്തീറ്റയ്ക്ക് വേണ്ടിയുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവും വിലക്കയറ്റവും കാലിത്തീറ്റ ഉൽപാദനത്തെ ഗുരുതരമായി ബാധിക്കുന്നു എങ്കിലും പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന കാലിത്തീറ്റ കമ്പനികളുടെ ഉല്പാദന ശേഷി പൂർണ്ണമായി വിനിയോഗിച്ചുകൊണ്ട് കാലിത്തീറ്റയുടെ ലഭ്യത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2016-17 വർഷം-2045 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.കൂടാതെ 5 വനിതകൾ അടങ്ങിയ സ്വാശ്രയ ഗ്രൂപ്പുകൾക്ക് ചുരുങ്ങിയത് ഒരു ഏക്കർ സ്ഥലത്ത് പുൽകൃഷി നടത്തുന്നതിന് ഗോപാലിക ഗ്രൂപ്പ് പദ്ധതി പ്രകാരവും ധനസഹായവും നൽകുന്നു.

സംസ്ഥാനത്തിന് ആവശ്യമായ ഏകദേശം 23.2 ദശലക്ഷം ടൺ തീറ്റപ്പുല്ലിന്റെ സ്ഥാനത്ത് കേവലം 5.1 ദശലക്ഷം ടൺ മാത്രമാണ് ഇവിടെ ഉൽപാദിപ്പിക്കുന്നത്. നിലവിലുള്ള വിളകൾക്കിടയിൽ സാധ്യമായത്ര സ്ഥലങ്ങളിൽ ഇടവിളയായി തീറ്റപ്പുല്ല് വളർത്തൽ പ്രോത്സാഹിപ്പിച്ചു വരുന്നു. ഭൂമിയുടെ ലഭ്യതയിലുള്ള കുറവ്, ജൈവവളത്തിന്റെ കുറവ്, മണ്ണൊലിപ്പുമൂലമുള്ള മണ്ണിന്റെ ഫലപുഷ്ടിക്കുറവ് എന്നിവ തീറ്റപ്പുൽ കൃഷിവ്യാപനത്തിന് തടസ്സമായി നിൽക്കുന്നുണ്ട്. ഇതിനായി കൃഷിയോഗ്യമായ ഭൂമിയുടെ കേവലം 10% മാത്രമേ മാറ്റി വയ്ക്കുവാൻ കഴിയുന്നുള്ളൂ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള തരിശു ഭൂമി ഇതിനായി ഉപയോഗപ്പെടുത്താൻ പദ്ധതി ആസൂത്രണം ചെയ്തു വരുന്നു.

(സി) സംസ്ഥാനത്ത് ക്ഷീര സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കാനായി പദ്ധതികളുണ്ടോ ;

(സി) പദ്ധതികളുണ്ട്.

(ഡി) മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ ?

(ഡി) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വരുന്ന പാലിന്റെ സാമ്പിളുകൾ ചെക്ക്പോസ്റ്റിൽ വച്ചും വിവിധ വിപണന സ്ഥലങ്ങളിൽ നിന്നും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ലാബുകളിൽ

പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്താറുണ്ട് ഭക്ഷ്യഗുണനിലവാര നിയമം 2006 പ്രകാരം ഗുണനിലവാരം പാലിക്കാത്തവർക്കെതിരെ ഫുഡ് സേഫ്റ്റി വിഭാഗം നിയമനടപടികൾ സ്വീകരിച്ചു വരുന്നു. പാലിന്റെ ഉപഭോഗം വളരെ കൂടുന്ന ഓണം തുടങ്ങിയ വിശേഷ അവസരങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് സാമ്പിൾ ശേഖരിച്ച് പരിശോധന നടത്താറുണ്ട്.

തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകൾ ആസ്ഥാനമാക്കി ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളുടെ സേവനവും ഈ പരിശോധനകളിൽ പ്രയോജനപ്പെടുത്തി വരുന്നു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ ഇ-മാറ്റ് എന്ന ഉപകരണം ഉപയോഗിച്ച് പാൽ സാമ്പിളുകളുടെ പരിശോധന നടത്തി വരുന്നു.

ക്ഷീരവികസന വകുപ്പിന്റെ കീഴിൽ NABL (National Accreditation Board for Testing and Calibration Laboratories) അക്രിഡിറ്റേഷനോടു കൂടിയ സ്റ്റേറ്റ് ഡെയറി ലാബ് തിരുവനന്തപുരം പട്ടത്ത് പ്രവർത്തിക്കുന്നു. കൂടാതെ കോട്ടയം, ആലത്തൂർ,കാസർഗോഡ്, എന്നിവിടങ്ങളിൽ

റീജിയണൽ ലാബുകൾ സജ്ജമാക്കി വരുന്നു. ഇതു കൂടാതെ എല്ലാ ജില്ലാ ആസ്ഥാനത്തും ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ കീഴിൽ 14 ലാബുകൾ പ്രവർത്തിക്കുന്നു. ഈ ലാബുകളിൽ പാലിന്റെ പോഷക മൂല്യം, പ്രിസർവേറ്റീവ്സ്, മായം ചേർക്കൽ, രാസഘടന, സൂക്ഷ്മാണുക്കൾ, ആന്റിബയോട്ടിക്കുകൾ എന്നിവ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്.

ഓണക്കാലത്ത് മാത്രമായി ക്ഷീരവികസന വകുപ്പ് താൽക്കാലിക ചെക്ക് പോസ്റ്റുകൾ സംസ്ഥാന അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ച് പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്. ഇതരസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന മുഴുവൻ പാലിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ചെക്ക് പോസ്റ്റുകളിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.